**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 425** **05-12-2022 - ൽ മറുപടിയ്ക്ക്**

**ഗോശ്രീ പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഗോശ്രീ ദ്വീപ് വികസന അതോറിറ്റി 18 വർഷം മുൻപ് നിർമ്മാണം പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നു കൊടുത്ത ഗോശ്രീ പാലങ്ങളുടെ ശോചനിയാവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഡി.പി.വേൾഡ് ,എൽ.എൻ.ജി., ഐ.ഓ.സി. ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലേക്കുള്ള ഭാരമേറിയ കണ്ടെയ്നർ ലോറികൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ കടന്നുപോകുന്ന പ്രസ്തുത പാലങ്ങളുടെ പരിപാലനം എഞ്ചിനീയറിംഗ് വിങ്ങില്ലാത്ത ജിഡക്ക് സാധ്യമല്ലാത്തതിനാലും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാൻ തയ്യാറാകാത്തതിനാലും തന്ത്രപ്രധാനമായ കേന്ദ്രങ്ങളിലേക്കുള്ള ഈ പാലങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ; | (ബി) | ഗോശ്രീ പാലങ്ങളുടെ പരിപാലനം നടത്തുന്നതിന് പര്യാപ്തമായ തുക ലഭ്യമല്ലാത്തതിനാൽ ആയത് ഏറ്റെടുക്കുവാൻ സാധിക്കുകയില്ല എന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ, വരുന്ന സാമ്പത്തിക വർഷങ്ങളിൽ പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ) വിഭാഗം ടി പാലങ്ങളുടെ പരിപാലനം ഏറ്റെടുത്ത് ആയതിന്റെ നിർവ്വഹണത്തിന് ആവശ്യമായ തുക കണ്ടെത്തുന്നതിനുള്ള നടപടിസ്വീകരിയ്ക്കുന്നത് സംബന്ധിച്ച അഭിപ്രായം ലഭ്യമാക്കുന്നതിനായി പോതുമരാമത്ത് വകുപ്പിനോട് അഭ്യർഥിച്ചിട്ടുണ്ട്. ഗോശ്രീ പാലങ്ങളുടെ പരിപാലനം ഗോശ്രീ ദ്വീപ് വികസന അതോറിറ്റി തന്നെ ടെണ്ടർ നടപടികളിലൂടെ നടപ്പിലാക്കുന്ന നിലവിലെ രീതി തുടരേണ്ടതാണെന്ന് ജിഡയ്ക്ക് നിർദ്ദേശം നല്കിയിട്ടുള്ളതുമാണ്.<br><br>ഗോശ്രീ പാലങ്ങൾ പൊതുമരാമത്ത് വകുപ്പിന് ഏറ്റെടുക്കുവാൻ സാധിക്കില്ലെന്ന് അറിയിച്ച സാഹചര്യത്തിൽ ടി പാലങ്ങൾ നല്ല നിലവാരത്തിൽ കേടുപാടുകൾ തീർത്ത് സമയാസമയങ്ങളിൽ പരിശോധന നടത്തി , യഥാസമയം അറ്റകുറ്റ ണികൾ നടത്തുന്നതിനാവശ്യമായ തുടർ നടപടികൾ സംബന്ധിച്ച് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് തദ്ദേസസ്വയംഭരണ വകുപ്പിന് 9.11.2022ന് | (സി) | ഗോശ്രീ പാലങ്ങളുടെ പരിപാലനം നടത്തുന്നതിന് പര്യാപ്തമായ തുക ലഭ്യമല്ലാത്തതിനാൽ ആയത് |

| | | | |
|---|---|---|---|
| | നൽകിയിട്ടുള്ള പി.ഡബ്ലിയു.ഡി- ഡി1/392/2019 നമ്പർ അനൗദ്യോഗിക കുറിപ്പിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ? | | ഏറ്റെടുക്കുവാൻ സാധിക്കുകയില്ല എന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ, വരുന്ന സാമ്പത്തിക വർഷങ്ങളിൽ പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ) വിഭാഗം ടി പാലങ്ങളുടെ പരിപാലനം ഏറ്റെടുത്ത് ആയതിന്റെ നിർവ്വഹണത്തിന് ആവശ്യമായ തുക കണ്ടെത്തുന്നതിനുള്ള നടപടിസ്വീകരിയ്ക്കുന്നത് സംബന്ധിച്ച അഭിപ്രായം ലഭ്യമാക്കുന്നതിനായി പോതുമരാമത്ത് വകുപ്പിനോട് അഭ്യർഥിച്ചിട്ടുണ്ട്. ഗോശ്രീ പാലങ്ങളുടെ പരിപാലനം ഗോശ്രീ ദ്വീപ് വികസന അതോറിറ്റി തന്നെ ടെണ്ടർ നടപടികളിലൂടെ നടപ്പിലാക്കുന്ന നിലവിലെ രീതി തുടരേണ്ടതാണെന്ന് ജിഡയ്ക്ക് നിർദ്ദേശം നല്കിയിട്ടുള്ളതുമാണ്.<br><br>ഗോശ്രീ പാലങ്ങൾ പൊതുമരാമത്ത് വകുപ്പിന് ഏറ്റെടുക്കുവാൻ സാധിക്കില്ലെന്ന് അറിയിച്ച സാഹചര്യത്തിൽ ടി പാലങ്ങൾ നല്ല നിലവാരത്തിൽ കേടുപാടുകൾ തീർത്ത് സമായാസമയങ്ങളിൽ പരിശോധന നടത്തി , യഥാസമയം അറ്റകുറ്റ ണികൾ നടത്തുന്നതിനാവശ്യമായ തുടർ നടപടികൾ സംബന്ധിച്ച് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ